അന്യസംസ്ഥാനങ്ങളിൽനിന്നും മിൽമ വാങ്ങുന്ന പാലിന്റെ ഗുണനിലവാരം

57 (4092) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അന്യസംസ്ഥാനങ്ങളിൽനിന്നും മിൽമ വാങ്ങുന്ന പാലിന്റെ ഗുണനിലവാര പരിശോധന ഏതെല്ലാം ഘട്ടങ്ങളിലായാണ് നടത്തുന്നത് ; സംസ്ഥാനത്തിന് പുറത്തുള്ള ഏതെല്ലാം സ്ഥാപനങ്ങളിൽ നിന്നുമാണ് മിൽമപാൽ ശേഖരിക്കുന്നത്; വ്യക്തമാക്കാമോ ;

(ബി) അന്യസംസ്ഥാനങ്ങളിൽനിന്നും ശേഖരിക്കുന്ന പാലിന്റെ ഗുണനിലവാരം ആരോഗ്യവകുപ്പിന്റെ ഏതെങ്കിലും വിഭാഗം പരിശോധിക്കുന്നുണ്ടോ ; വിശദമാക്കാമോ ?

ഉത്തരം

(എ) മിൽമയ്ക്ക് ആഭ്യന്തര വിപണിയിൽ നിന്നും ലഭിക്കുന്ന പാൽ വിപണനത്തിന് തികയാത്ത സാഹചര്യത്തിൽ അന്യസംസ്ഥാനങ്ങളിൽനിന്നും സ്വീകരിക്കുന്നുണ്ട്. കൃത്യമായ ഗുണനിലവാരമുള്ള പാൽ നൽകുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തിയാക്കിയതിനുശേഷം മാത്രമാണ് മിൽമ പ്രധാനമായും അന്യസംസ്ഥാനങ്ങളിലെ ക്ഷീരസഹകരണ ഫെഡറേഷനുകളിൽനിന്നും പാൽ വാങ്ങുന്നത്. ഇങ്ങനെ സ്വീകരിക്കുന്ന പാൽ കർശനമായ ഗുണനിലവാര പരിശോധനകൾക്ക് വിധേയമാക്കിയതിനുശേഷമാണ് സ്വീകരിക്കുന്നത്. ഇപ്പോൾ അധികമായി ആവശ്യമുള്ളപാൽ, തമിഴ്നാട്, കർണ്ണാടക എന്നീ സംസ്ഥാനങ്ങളിലെ ക്ഷീരസഹകരണ ഫെഡറേഷനുകളുടെ കീഴിലുള്ള ഡയറികളിൽ നിന്നുമാണ് സംഭരിക്കുന്നത്.

(ബി) മിൽമ കൃത്യമായ ഇടവേളകളിൽ മിൽമയുടെ ലാബുകളിലും ഗവൺമെന്റ് ലാബ്/ഗവണ്മെന്റ് അംഗീകൃത ലാബുകളിലും അന്യസംസ്ഥാനങ്ങളിൽനിന്നും കൊണ്ടുവരുന്ന പാലിന്റെ ഗുണനിലവാര പരിശോധന നടത്തുന്നുണ്ട്. ഫുഡ്സേഫ്റ്റി സ്റ്റാന്റേർഡ്സ് ആക്ട് 2006 നിലവിൽവന്നതോടുകൂടി അന്യസംസ്ഥാനങ്ങളിൽ നിന്നും സംസ്ഥാനത്ത് എത്തിച്ചേരുന്ന പാലിന്റെയും പാലുൽപ്പന്നങ്ങളുടെയും ഗുണനിലവാര പരിശോധനയ്ക്കുള്ള അധികാരം ആരോഗ്യ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള ഫുഡ്സേഫ്റ്റി കമ്മീഷണറിൽ നിക്ഷിപ്തമാക്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly